മന്ത്രിമാരുടെ അലവൻസുകൾ

26(26) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാർ, ചീഫ് വിപ്പ് എന്നിവരിൽ ഓരോരുത്തരും ഇതുവരെ ടി.എ., ഡി.എ., മറ്റ് അലവൻസുകൾ എന്നീ ഇനങ്ങളിൽ എന്തു തുക പറ്റിയിട്ടുണ്ട് ?

ഉത്തരം

ടി.എ., ഡി.എ. എന്നിവയെ സംബന്ധിച്ച് വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു†. മറ്റ് അലവൻസുകളെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിന്റേയും ചെലവ്

27(27) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ മന്ത്രിയും അവരുടെ പേഴ്സണൽ സ്റ്റാഫിലുള്ളവരും ശമ്പളം, ടി.എ., ഡി.എ., മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ്, ടെലഫോൺ ചാർജ് എന്നീയിനത്തിൽ ഇതുവരെ എന്തുതുക വീതം കൈപ്പറ്റിയിട്ടുണ്ടെന്ന് പറയാമോ ?

ഉത്തരം

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ മന്ത്രിക്കും വേണ്ടി ചെലവായ ടി.എ., ഡി.എ. എന്നിവയെ സംബന്ധിക്കുന്ന വിവരം അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു†. മന്ത്രിമാർക്ക് മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ഇനത്തിൽ നാളിതുവരെ 14,75,198 രൂപ (പതിനാലു ലക്ഷത്തി എഴുപത്തിയഞ്ചായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റിയെട്ടു രൂപ മാത്രം) ചെലവായിട്ടുണ്ട്. ടെലഫോൺ ചാർജ് സർക്കാർ നേരിട്ട് ടെലികോം ഡിപ്പാർട്ടുമെന്റിൽ അടയ്ക്കുകയാണ്. ഈയിനത്തിൽ 1999 ഡിസംബർ 31 വരെ 3,40,80,602 രൂപ (മൂന്നുകോടി നാല്പത് ലക്ഷത്തി എൺപതിനായിരത്തി അറുനൂറ്റി രണ്ടു രൂപ മാത്രം) ചെലവായിട്ടുണ്ട്. മന്ത്രിമാരുടെ ശമ്പളം, പേഴ്സണൽ സ്റ്റാഫിന് ഈയിനങ്ങളിൽ ചെലവായ തുക എന്നിവ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

മന്ത്രിമാരുടെ സൽക്കാരച്ചെലവ്

28(28) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

† അനുബന്ധം XI
† അനുബന്ധം XII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XII

[21-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 27(27) ദയവായി കാണുക]

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ മന്ത്രിമാർക്കും വേണ്ടി ചെലവായ ടി.എ. ഡി.എ. എന്നിവയെ സംബന്ധിക്കുന്ന താല്ക്കാലിക കണക്ക്.

		ടി.എ.,ഡി.എ. (വിമാനയാത്രക്കൂലിഉൾപ്പെടെ) രൂപ
1.	ശ്രീ. ഇ.കെ. നായനാർ (മുഖ്യമന്ത്രി)	15,31,475
2.	ശ്രീ. വി.പി. രാമകൃഷ്ണപിള്ള (ജലസേചന-തൊഴിൽ വകുപ്പുമന്ത്രി)	4,10,522
3.	ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ (ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി)	7,84,592
4.	ശ്രീ. കെ.ഇ. ഇസ്മയിൽ (റവന്യൂ വകുപ്പുമന്ത്രി)	11,40,838
5.	ശ്രീ. പി.ജെ. ജോസഫ് (വിദ്യാഭ്യാസവും പൊതുമരാമത്തും വകുപ്പുമന്ത്രി)	10,47,947
6.	ശ്രീ. എ. നീലലോഹിതദാസൻ നാടാർ (മുൻ വനവും ഗതാഗതവും വകുപ്പുമന്ത്രി)	4,04,428
7.	ശ്രീ. പാലൊളി മുഹമ്മദുകുട്ടി (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി)	10,27,374
8.	ശ്രീ. എസ്. ശർമ്മ (വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി)	3,49,720
9.	ശ്രീ. കെ. രാധാകൃഷ്ണൻ (പിന്നോക്ക പട്ടികവിഭാഗക്ഷേമ വകുപ്പുമന്ത്രി)	8,50,832
10.	ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ (കൃഷി വകുപ്പുമന്ത്രി)	7,59,955
11.	ശ്രീ. ടി.കെ. രാമകൃഷ്ണൻ (ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി)	9,91,218
12.	ശ്രീ. എ.സി. ഷൺമുഖദാസ് (മുൻ ആരോഗ്യ വകുപ്പുമന്ത്രി)	15,35,405
13.	ശ്രീ. ടി. ശിവദാസ മേനോൻ (ധനകാര്യ വകുപ്പുമന്ത്രി)	8,71,432
14.	ശ്രീമതി സുശീലാ ഗോപാലൻ (വ്യവസായ വകുപ്പുമന്ത്രി)	9,60,499
15.	ശ്രീ. ബേബി ജോൺ (മുൻ ജലസേചന വകുപ്പുമന്ത്രി)	3,63,489
16.	ശ്രീ. വി.കെ. രാജൻ (മുൻ കൃഷി വകുപ്പുമന്ത്രി)	2,52,553
17.	ശ്രീ. പിണറായി വിജയൻ (മുൻ വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി)	6,86,888
18.	ശ്രീ. പി. ആർ. കുറുപ്പ് (മുൻ വനവും ഗതാഗതവും വകുപ്പുമന്ത്രി)	6,93,902

LIBRARY ARCHIVES Kerala Legislative Assembly